No. of Printed Pages : 5

**3303**

Register Number

# Language — Part I — MALAYALAM — Paper I

6000084

**(Poetry and Grammar)**

Time : 3 Hours ] [ Maximum Marks : 100

**കുറിപ്പ് :** (1) അച്ചടിച്ചതിന്റെ ശുദ്ധത ഉറപ്പുവരുത്തുന്നതിനുവേണ്ടി ചോദ്യപേപ്പർ പരിശോധിക്കുക. ഏതെങ്കിലും തരത്തിലുള്ള കുഴപ്പമുണ്ടെങ്കിൽ ഉടൻ തന്നെ ഹാൾ സൂപ്പർവൈസറെ അറിയിക്കുക.

(2) എഴുതുന്നതിന് കറുപ്പോ നീലയോ മഷി ഉപയോഗിക്കുക.

I. **നാലെണ്ണത്തിന് ഉത്തരമെഴുതുക. ഓരോ ഉത്തരവും അഞ്ച് വരിയിൽ കവിയരുത്.** 4x2=8

1. എഴുത്തച്ഛന് മലയാളഭാഷയിലുള്ള സ്ഥാനമെന്ത് ?
2. ഉണ്ണായിവാര്യരെക്കുറിച്ചെഴുതുക.
3. വൈലോപ്പിള്ളിയുടെ കാവ്യസിദ്ധി വ്യക്തമാക്കുക.
4. ഡോ.അയ്യപ്പപ്പണിക്കരെക്കുറിച്ച് എന്തറിയാം ?
5. എൻ.വി.കൃഷ്ണവാര്യരുടെ സാഹിത്യ സംഭാവന വിലയിരുത്തുക.
6. സുഗതകുമാരിയെ പരിചയപ്പെടുത്തുക.

II. **മൂന്നെണ്ണത്തിന് സന്ദർഭം വിവരിച്ച് ആശയം വ്യക്തമാക്കുക.** 3x4=12

7. മുത്തശ്ശിയെന്തൊരു ചേട്ട! നിൻ പുഞ്ചിരി
മുത്തുകൾ വാരാനും വെമ്പലെന്ന്യേ,
ഓർമ്മതൻ രുദ്രാക്ഷ മാലയിന്മേൽ വിര-
ലോടിച്ചു കൊണ്ടെന്തോ ജല്പിക്കുന്നു.

8. അപരപുരാതനർ ചൊൽവൂ, വാമന-
നാദിമദേവൻ വന്നു മഹീശനെ-
യർത്ഥന ചെയ്തു ചതിച്ചു ചവിട്ടിയി-
രുട്ടിലണച്ചു മുടിച്ചാനെന്നും.

9. കല്പവൃക്ഷമെനിക്കു വേണ്ട
നന്ദനോദ്യാനങ്ങൾ വേണ്ട
വേണ്ടതെന്റെ ധരിത്രി മാത്രം
ധാത്രിപകരും കരുണ മാത്രം

[ Turn over

10. സർവ്വസമ്പത്തും ജഗത്തിൽ വിതയ്ക്കുന്ന
ദിവ്യമാം തൃക്കരം ചുംബിപ്പാനും
ഏഴെട്ടു കാശിന്റെ യുന്മാദത്തള്ളലേ
പാഴുറ്റ നിൻതല താഴില്ലെന്നോ ?

11. ഞാനുമതു കേട്ടു ജാതനിർവേദനായി
മാനസേ ചിന്തിച്ചു ചിന്തിച്ചോരോ തരം
താപസന്മാർ നിന്നരുളുന്ന ദിക്കിനു
താപനേ ചെന്നു നമസ്ക്കരിച്ചീടിനേൻ

**III. മൂന്നെണ്ണത്തിന് ഉത്തരമെഴുതുക. ഓരോ ഉത്തരവും പത്തു വരിയിൽ കവിയരുത്. 3x4=12**

12. ദേവന്മാരിൽ ഒരുവനെ വരിച്ചാൽ ദമയന്തിയ്ക്ക് എന്തെല്ലാം ലഭ്യമാകും ?
13. മുത്തശ്ശി തന്റെ മക്കളുടെ സാമീപ്യം എപ്രകാരം അനുസ്മരിക്കുന്നു ?
14. ഓണം പലദേശങ്ങളിൽ ആഘോഷിക്കുന്നുവെന്ന് കവി പറയുന്നത് സമർത്ഥിക്കുക.
15. കവി ആതിരയെ വരവേൽക്കാൻ തയ്യാറാകുന്നത് എന്തുകൊണ്ട് ?
16. നദി ഒഴുകിയപ്പോൾ ഈ ഭൂമിയിൽ എന്തെല്ലാം ഉണ്ടായി ?

**IV. രണ്ടെണ്ണത്തിന് ഉത്തരമെഴുതുക. ഓരോ ഉത്തരവും ഓരോ പുറത്തിൽ കവിയരുത്. 2x10=20**

17. കാട്ടാളനിൽ നിന്നും വാല്മീകിയിലേയ്ക്ക് ഉള്ള പരിണാമം കാവ്യഭംഗിയോടെ വിവരിക്കുക.
18. യേശുദേവന് ശീമോൻ നൽകിയ വിരുന്നു സൽക്കാരത്തിന്റെ അനൗചിത്യം വ്യക്തമാക്കുക.
19. മൂന്നു വീടുകളും കവിയ്ക്ക് മൂന്നു തരം അനുഭൂതികളാകുന്നതെങ്ങനെയെന്നു വർണ്ണിയ്ക്കുക.
20. ആനയ്ക്ക് ജീവിതം ദുരിതമായി അനുഭവപ്പെടുന്ന സാഹചര്യങ്ങൾ കവയിത്രി വർണ്ണിയ്ക്കുന്നതെങ്ങനെ ?
21. കേരളത്തെപ്പറ്റി ഡോ. അയ്യപ്പപ്പണിക്കർക്കുണ്ടാകുന്ന നഷ്ട ബോധത്തെപ്പറ്റി വർണ്ണിയ്ക്കുക.

V. **താഴെ കൊടുത്തിട്ടുള്ള പദ്യഭാഗങ്ങളിൽ രണ്ടെണ്ണത്തിന് ഉത്തരമെഴുതുക.** 2x4=8

22. കർമ്മ ധർമ്മ സമന്വയങ്ങളിടഞ്ഞു
കാലം കണ്ണു പൂട്ടി, കൈമലർത്തുന്നു.
സ്വാർത്ഥ കാളിയ ദർപ്പ വേഗം
തിരയിളക്കുന്നു.

 1. എന്താണ് ഇടഞ്ഞത് ?
 2. ആരാണ് കണ്ണു പൂട്ടിയത് ?
 3. ഇത് കവി ഏതു കവിതയിലാണ് വർണ്ണിക്കുന്നത് ?
 4. ഇതിന്റെ രചയിതാവ് ആരാണ് ?

23. പുളയും കുരുത്തോല തെളിയുന്ന പന്തങ്ങൾ
വിളയുന്ന മേളങ്ങളുറയുന്ന രാവുകളിൽ
എങ്ങാനൊരുഞ്ഞാൽ പ്പാട്ടുയരുന്നുവോ, സഖീ
എങ്ങാനൊരുഞ്ഞാൽ പ്പാട്ടുയരുന്നുവോ !

 1. എന്താണ് പുളയുന്നത് ?
 2. എന്തു പാട്ടാണ് ഉയരുന്നത് ?
 3. ഇത് ഏതു കവിതയിലെ വരികളാണ് ?
 4. ഇത് രചിച്ചത് ആരാണ് ?

24. ആ വരവിങ്കലുണർന്നു ചിരിപ്പൂ
പൂവുകൾ ! ഞങ്ങടെ സാക്ഷികളത്രേ
പൂവുകൾ ! പോവുക നാമെതിരേൽക്കുക
നമ്മളൊരുക്കുക നാളെയൊരോണം.

 1. ഉണർന്നു ചിരിക്കുന്നതാരാണ് ?
 2. ഞങ്ങടെ സാക്ഷികൾ ആരാണ് ?
 3. ഈ കവിതയുടെ പേരെന്ത് ?
 4. ഈ കവിത ഏതു സമാഹാരത്തിലുള്ളതാണ് ?

VI. **പദ്യഭാഗം പൂരിപ്പിക്കുക.** 1x8=8

25. ദുഷ്ക്കർമ്മ സഞ്ചയം __________ ഭുജിക്കുമോ ?

അല്ലെങ്കിൽ

26. ഇന്നുമിച്ചുങ്ങിയ __________ പൂകിയോരെ.

VII. 27. രണ്ടെണ്ണത്തിന്റെ ലക്ഷണവും ഉദാഹരണവും എഴുതുക. 2x3=6

(i) ഉല്ലേഖം (ii) ദീപകം

(iii) അനുപ്രാസം (iv) വിരോധാഭാസം

28. രണ്ടെണ്ണത്തിന്റെ ലക്ഷണവും ഉദാഹരണവും എഴുതുക. 2x3=6

(i) മന്ദാക്രാന്താ (ii) രഥോദ്ധത

(iii) കാകളി (iv) വിയോഗിനി

VIII. 29. യോജിച്ചവ ചേർത്തെഴുതുക. 1x4=4

(i) വാല്മീകിയുടെ കഥ - എൻ.വി.കൃഷ്ണവാര്യർ

(ii) നദിയൊഴുകുന്നു - വൈലോപ്പിള്ളി

(iii) ഓണപ്പാട്ടുകാർ - എഴുത്തച്ഛൻ

(iv) എന്റെ മൂന്നു വീടുകൾ - കടമ്മനിട്ട

\- സുഗതകുമാരി

IX. **ശരിയായ ഉത്തരം എടുത്തെഴുതുക.** 8x1=8

30. സഫലമീയാത്രയിൽ കവിയും ഭാര്യയും എത്ര പതിറ്റാണ്ടായി ഒരുമിച്ച് ജീവിക്കുന്നു?

(a) ഒരു പതിറ്റാണ്ട് (b) രണ്ട് പതിറ്റാണ്ട് (c) മൂന്നു പതിറ്റാണ്ട്

31. മലയാള കവിതയിൽ ആധുനികതയ്ക്ക് തുടക്കം കുറിച്ച കൃതി ഏത് ?

(a) കുരുക്ഷേത്രം (b) മഗ്ദലനമറിയം (c) തുലാവർഷപ്പച്ച

32. മുത്തശ്ശിയുടെ ഉൾക്കണ്ണിൽ സഞ്ചരിച്ചത് ആരാണ് ?

(a) പേരക്കിടാങ്ങൾ (b) മക്കൾ (c) വെള്ളാമ്പലിതളുകൾ

33. മാർത്താണ്ഡ തേജഃസ്വരൂപികൾ ആരാണ് ?

(a) ശ്രീരാമൻ (b) സപ്തമുനികൾ (c) വഴിപോക്കർ

34. അശ്വസഖന്മാർ ആരാണ് ?
    (a) ചൈനാക്കാർ (b) ജിപ്സികൾ (c) കേരളീയർ

35. മഹാബലിക്കു് ശേഷം വന്നവർ ആരായിരുന്നു ?
    (a) ദേവന്മാർ (b) അസുരന്മാർ (c) അധോമുഖവാമനർ

36. ശീമോന്റെ അതിഥിയായി വരുന്നത് ആരാണ് ?
    (a) യേശുക്രിസ്തു (b) പരീശന്മാർ (c) ശിഷ്യന്മാർ

37. 'ഇത്തിരി വെള്ളം വേണം വെള്ളം' എന്നു പറയുന്നത് ആരാണ് ?
    (a) ആന (b) മരം (c) പാപ്പാൻ

X. **ഒറ്റവാക്കിൽ ഉത്തരമെഴുതുക.** 1x8=8

38. ഓണത്തെപ്പറ്റി ശാസ്ത്രം എന്താണ് പറയുന്നത് ?

39. സപ്തർഷികൾ എത്ര കാലം കഴിഞ്ഞാണ് തിരികെ വന്നത് ?

40. കൂവളവും തുളസിയും മണക്കുന്ന പൂജാമുറി എവിടെയാണുള്ളത് ?

41. പച്ചവെള്ളത്തിനെ മുന്തിരിച്ചാറാക്കിയ ഭഗവാൻ ആരാണ് ?

42. കേരളത്തിന്റെ ദേശീയ കവി ആരാണ് ?

43. നദിയൊഴുകുന്നുവെന്ന കവിത ഏതു സമാഹാരത്തിലുള്ളതാണ് ?

44. കുട്ടിക്കരിം കുയിൽ കൂവുന്നതെവിടെയാണ് ?

45. 'നടസ്യാനേ നീ നിന്നു കൊഞ്ചുന്നോ' എന്നു ചോദിച്ചത് ആരാണ് ?

-o0o-